**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2409 **09/03/2018-**ലെ മറുപടി

## വാട്ടർ അതോറിറ്റിയിൽ ജലമോഷണം തടയുന്നതിന് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.അബ്ദുൽ ഹമീദ് പി. | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലമോഷണം തടയുന്നതിന് വാട്ടർ അതോറിറ്റിയിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) ജലമോഷണം തടയുന്നതിനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് ജലമോഷണം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജലമോഷണം ശ്രദ്ധയിൽപ്പെട്ടാൽ കേരള വാട്ടർ സപ്ലൈ ആൻഡ് സിവറേജ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ കേടായ വാട്ടർ മീറ്ററുകൾ കണ്ടെത്തിയാൽ ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും ഒരു മാസത്തിനകം മാറ്റി വച്ചില്ല എങ്കിൽ സർചാർജ് ഈടാക്കുന്നുമുണ്ട്. |
| (ബി) ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ? | (ബി) ഈ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി വിവിധ ഓഫീസ് തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയും അതുവഴി ഈ സംവിധാനത്തിൽ ഉണ്ടായേക്കാവുന്ന പോരായ്മകൾ വിലയിരുത്തി പരിഹരിച്ച് കാര്യക്ഷമതയോടുകൂടി ജലമോഷണം തടയുവാനുള്ള പ്രവൃത്തികൾ നടത്തിവരുന്നു. നിലവിലുള്ള സ്ക്വാഡുകൾക്ക് പുറമെ പതിനാല് ജില്ലകളിലും ഓരോ സ് ക്വാഡ് രൂപീകരിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ജലമോഷണത്തിനെതിരെ പ്രവർത്തനം നടത്താറുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ